പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 410 — 20.03.2018-ലെ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി.ടി.ബൽറാം<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അനിൽ അക്കര | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) | പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നിവ ഏകീകരിച്ച് തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നത് പ്രസ്തുത വകുപ്പിന് എപ്രകാരം ഗുണകര മാകുമെന്ന് വെളിപ്പെടുത്തുമോ; | (എ) | തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ ഇന്ന് വിവിധ തട്ടുകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഭരണപരമായ ഏകോപനക്കുറവിന്റെ പ്രശ്നങ്ങൾക്കും, പദ്ധതികളുടെ ആസൂത്രണവും രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് കഴിയും.<br>തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഓരോ തലത്തിലും ആവശ്യമായ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ ചുമതലകൾക്കും ഉത്തരവാദിത്വങ്ങൾക്കും അനുസൃതമായി ലഭ്യമാക്കുന്നതിനും അതിലൂടെ കരുത്തുറ്റ ഭരണ നിർവ്വഹണ സംവിധാനം പ്രാദേശിക തലത്തിൽ സൃഷ്ടിക്കുന്നതിനും കഴിയും. |
| (ബി) | പൊതു സർവ്വീസ് രൂപീകരിക്കുന്ന തിനുള്ള വിശേഷാൽ ചട്ടനിർമ്മാണം ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (ബി) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നതിനുള്ള ചുമതല ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ഏല്പിക്കുകയും പ്രസ്തുത ചട്ടങ്ങളുടെ കരട് ഇതിനകം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പൊതു സർവ്വീസ് രൂപീകരണത്തെക്കുറിച്ച് ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ തയ്യാറാക്കിയ സമീപനരേഖ ജീവനക്കാരുടെ സംഘടനകൾക്ക് മുൻകൂട്ടി അയച്ചുകൊടുക്കുകയും ഇതു സംബന്ധിച്ച് വിവിധ സംഘടനാ പ്രതിനിധികളുമായി വിശദമായി ചർച്ച ചെയ്യുകയും ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള ശ്രമങ്ങൾ കരട് ചട്ടങ്ങൾ രൂപീകരിക്കുന്ന ഘട്ടത്തിൽ തന്നെ നടത്തുകയും ചെയ്തിട്ടുണ്ട്. കരട് ചട്ടങ്ങൾ അന്തിമമാക്കുന്നതിനു മുമ്പ് ഇനിയും സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് അവരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുന്നതിന് അവസരമുണ്ട്. |
| (ഡി) | ഏകീകൃത സർവ്വീസ് രൂപീകരിക്കുമ്പോൾ ജീവനക്കാരുടെ സീനിയോറിറ്റി തുടങ്ങിയ കാര്യങ്ങളിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം രൂപീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച തർക്കങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിന് പരിഹാരം കാണുന്നതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് തലത്തിൽ "പരാതി പരിഹാര സംവിധാനം" ഉണ്ടാക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇത്തരം സംവിധാനത്തിലൂടെ ജീവനക്കാരുടെ ന്യായമായ പരാതികളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ